മറ്റത്താൻ കടവ് പാലം നിർമ്മാണം

167 [1411] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് മറ്റത്താൻ കടവിൽ ഒരു പാലം നിർമ്മിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകിതിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യും (സി)യെയും നടപടികൾ സ്വീകരിക്കേണ്ടിയിതിക്കുന്നു.

നാദാപുരം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

168 [1412] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പ് നാദാപുരം നിയോജകമണ്ഡലത്തിൽ പണിയാനുദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണ് ;

(ബി) ഓരോ പാലത്തിനും കണക്കാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ന് തുടക്കം കുറിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(ഡി) പാലങ്ങളുടെ പണി പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗതത്തിന് വിട്ടു കൊടുക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) (ബി) നാദാപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പണിയാനുദ്ദേശിക്കുന്ന പാലങ്ങളുടെ പേരും എസ്റ്റിമേറ്റ് തുകയും ചുവടെ ചേർക്കുന്നു.

1. തൊട്ടിൽ പാലം—95 ലക്ഷം
2. മേലേകരുടൻകടവ് പാലം—150 ലക്ഷം
3. കായലോട്ടുതാഴം പാലം—150 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly